بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 21.12.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 21.12.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ മൂത്ത മകനും സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പൗത്രനും ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ)യുടെയും നവാബ് മുഹമ്മദ് അലി ഖാൻ സാഹിബി(റ)ന്റെയും ദൗഹിത്രനും ഹുസൂർ തുരുമനസ്സ് അയ്യദഹുല്ലാഹ് തഅ്‌ലായുടെ അമ്മാവന്റെ മകനുമായ ഹദ്റത്ത് മിർസ അനസ് അഹ്മദ് സാഹിബിന്റെ അനുസ്മരണവും വിശ്വാസദൃഢീകരണ സംഭവങ്ങളും**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅ്‌വുദും സൂറ:ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

മിർസാ അനസ് അഹ്മദ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ മൂത്ത മകനാണ്. കഴിഞ്ഞ ദിവസം റബ്‌വയിൽവെച്ച് 81 മത്തെ വയസ്സിൽ ഇദ്ദേഹം വഫാത്താകുകയുണ്ടായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മൂത്ത പൗത്രനും ഹദ്റത്ത് നവാബ് മുബാറക ബേഗം സാഹിബയുടെയും നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെയും ദൗഹിത്രനുമാണ്. ഈ നിലയിൽ ഇദ്ദേഹം എന്റെ അമ്മാവന്റെ മകനും കൂടിയാണ്. ഖാദിയാനിൽ ആയിരുന്നു പ്രാരംഭവിദ്യാഭ്യാസം. ബാക്കി പഠനം റബ്‌വയിൽ ആണ് പൂർത്തിയാക്കിയത്. അതിനു ശേഷം പഞ്ചാബ് യൂണിവേഴ്സിറ്റി യിൽ നിന്ന് എം.എ കരസ്ഥമാക്കി. ശേഷം കുറച്ച് കാലം അവിടെ കോളേജിൽ സേവനം അനുഷ്ഠിച്ചു. പിന്നെ ഇംഗ്ലണ്ടിൽ ഓക്സ്ഫേഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ ബിരുദവും നേടി. 1955 ൽ അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. അങ്ങനെ 1962ൽ അദ്ദേഹം തന്റെ കർമഭൂമിയിൽ പ്രവേശിച്ചു. കഠിനാധ്വാനത്തോടെ വിവിധ വകുപ്പുകളിൽ അദ്ദേഹം ജോലി നിർവഹിച്ചു. വലിയ ആവേശത്തോടും ധൈര്യത്തോടും അധ്വാനത്തോടും ജോലിചെയ്യുന്ന ശീലമുണ്ടായിരുന്നു. ഹദീസ് വിജ്ഞാനം, തത്വജ്ഞാനം, ഇംഗ്ലീഷ് സാഹിത്യം എന്നിവയിൽ അഗാധമായ അറിവ് ഉണ്ടായിരുന്നു; ഹദീസ് വിജ്ഞാനത്തിൽ വിശേഷിച്ച്. ഹദീസിന്റെ പ്രാരംഭവിദ്യാഭ്യാസം മൗലവി ഖുർശീദ് അഹ്മദ് സാഹിബ് മർഹൂമിൽ നിന്ന് സ്വന്തം താൽപര്യത്താൽ കരസ്ഥമാക്കി. തന്റെ ഭവനത്തിലും അദ്ദേഹത്തിന് വലിയൊരു ലൈബ്രറി ഉണ്ടായിരുന്നു. ഒരുപാട് അപൂർവ്വ ഗ്രന്ഥങ്ങൾ സൂക്ഷിച്ച് വെച്ചിരുന്നു. വായനയിൽ നല്ല താൽപര്യമുള്ള വ്യക്തിയായിരുന്നു. വല്ല വിദ്യാർത്ഥിയും ഏതെങ്കിലും വിഭാഗത്തെ കുറിച്ചുള്ള മാർഗോപദേശത്തിനായി വന്നാൽ വളരെ നല്ല വിവരങ്ങൾ നല്കുമായിരുന്നു. ഹദീസിന്റെ പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ മൂലഗ്രന്ഥങ്ങളുടെ ഒരുകൂട്ടം തന്നെ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. വിവിധ ഗ്രന്ഥശാലകളിൽ നിന്നാണ് അദ്ദേഹം ഇത് സ്വരുക്കൂട്ടിയത്.

1955ൽ അദ്ദേഹം തന്റെ ജീവിതം വഖ്ഫ് ചെയ്തപ്പോൾ ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തെ കുറിച്ച് പറയുകയുണ്ടായി. പറയുന്നു: ഞാൻ ജമാഅത്തിൽ വഖ്ഫിന്റെ പദ്ധതി ആരംഭിച്ചു. അതിന് ശേഷം എന്റെ അടുക്കൽ മൂന്ന് അപേക്ഷകൾ വന്നു. ഒന്ന് എന്റെ പൗത്രനായ മിർസാ അനസ് അഹ്മദിന്റെതാണ്. അദ്ദേഹം മിർസാ നാസിർ അഹ്മദിന്റെ മകനാണ്. അല്ലാഹു അദ്ദേഹത്തിന്റെ നിയ്യത്ത് പൂർത്തിയാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അനസ് അഹ്മദ് എഴുതുന്നു: ഞാൻ വിചാരിച്ചിരുന്നത് നിയമങ്ങൾ പഠിച്ചതിന് ശേഷം എന്റെ ജീവിതം വഖ്ഫ് ചെയ്യാനായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങ് എന്നെ എവിടെ വേണമെങ്കിലും നിയമിച്ചാലും ഞാൻ എല്ലാവിധത്തിലും തയ്യാറാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 56 വർഷം ജമാഅത്തിന്റെ വിവിധ ഓഫീസുകളിൽ സേവനം ചെയ്യാനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചു. പ്രഥമ നിയമനം തഅ്‌ലീമുൽ ഇസ്‌ലാം കോളജിൽ ലക്ചറർ എന്ന നിലയിലായിരുന്നു. പിന്നെ 1975 ൽ നായിബ് നാസിർ ഇസ്‌ലാഹ് വ ഇർശാദായി നിയോഗിച്ചു. ശേഷം അഡീഷണൽ നാസിർ ഇസ്‌ലാഹ് വ ഇർശാദായി നിയമിതനായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റ)ന്റെ പ്രൈവറ്റ് സെക്രട്ടറി കൂടി ആയിരുന്നു. ജാമിഅ അഹ്മദിയ്യായുടെ അഡ്മിസ്ട്രേറ്ററായി സേവനം ചെയ്യാനുള്ള തൗഫീഖും ലഭിച്ചു. കുറച്ച് വർഷം നാസിർ തഅ്‌ലീമും ആയിരുന്നു. നായിബ് നാസിർ ദീവാൻ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തഹ്‌രീകെ ജദീദിൽ വക്കീലുത്തസ്നീഫിന്റെ ജോലിയിലും നിയമിതനായിരുന്നു. 1997 ൽ വിരമിച്ചെങ്കിലും അവസാനശ്വാസം വരെ സേവനത്തിനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യായിലും അൻസാറുല്ലാ മർകസിയ്യായിലും വിവിധ സേവനം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ബറാഹീനെ അഹ്മദിയ്യാ, മഹ്മൂദ് കീ ആമീൻ ഇവ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം

ചെയ്തു. അവ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ദിവസങ്ങളിൽ സുർമ ചശ്മ ആരിയ്യ, ഇസാലെ ഔഹാം, ദുർറെ സമീൻ എന്നീ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ പരിഭാഷ ചെയ്തത് പ്രൂഫ് വായന നടത്തി വരുകയായിരുന്നു. നാസിർ ഫൗണ്ടേഷന്റെ കീഴിൽ നമ്മുടെ ഒരു സ്ക്കൂൾ ആരംഭിച്ചിരുന്നു. അതിന്റെയും ചെയർമാൻ ആയിരുന്നു. മജ്‌ലിസ് ഇഫ്താഇന്റെ മെമ്പറായിരുന്നു. നൂർ ഫൗണ്ടേഷൻ ബോർഡിന്റെ മെമ്പറും കൂടി ആയിരുന്നു. ഹദീസ് ഗ്രന്ഥങ്ങൾ ജമാഅത്തിൽ പ്രദ്ധീകരിക്കുന്നതിനും തർജ്ജുമയും ഉദ്ധരണികളും എഴുതുന്നതിനും ആണ് നൂർ ഫൗണ്ടേഷൻ സ്ഥാപിച്ചിരുന്നത്. അദ്ദേഹം മുസ്നദ് അഹ്മദ് ബിൻ ഹമ്പലിന്റെ ഉറുദു പരിഭാഷ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ ജാമാതാവ് മിർസാ വഹീദ് അഹ്മദ് സാഹിബ് എഴുതുന്നു: ഒരിക്കൽ ബുഹാറ, സമർഖന്ദ് എന്നീ സ്ഥലങ്ങളിലേയ്ക്ക് യാത്ര പുറപ്പെടുകയായിരുന്നു. അപ്പോൾ മിർസാ അനസ് അഹ്മദ് സാഹിബ് എന്നോട് പറഞ്ഞു: അവിടെ ചെന്നെത്തിയാൽ ഇമാം ബുഖാരിയുടെ ഖബറിലും പോകണം. എന്റെ ഭാഗത്ത് നിന്ന് ദുആയും സലാമും എത്തിക്കണം. കാരണം നബി(സ)തിരുമേനിയുടെ നിർദ്ദേശങ്ങളുടെയും സംഭവങ്ങളുടെയും ഖജനാവ് സ്വരുക്കൂട്ടി, നമുക്ക് എത്തിച്ച് തന്ന ആ ആൾക്ക്വേണ്ടി നാം ദുആ ചെയ്യുകയെന്നതും സലാം എത്തിക്കുകയെന്നതും അദ്ദേഹത്തിനോടുള്ള കടമയാകുന്നു.

ഡോക്ടർ നൂരീസാഹിബ് എഴുതുന്നു: ഏതൊരു ജോലിയാണ് അദ്ദേഹത്തിന് നല്കപ്പെടുന്നത് അത് ഒരു താൽപര്യം ജനിക്കുംവിധം പൂർത്തിയാക്കുമായിരുന്നു. അങ്ങേയറ്റം ശുഷ്കാന്തിയോടെയും അധ്വാനത്തോടെയും താൽപര്യത്തോടെയും കൂടി തന്റെ ജോലി പരിപൂർണ നിലയിൽ നിർവഹിച്ചിരുന്നു. തളർച്ചയും രോഗവും ഉണ്ടായിരുന്നിട്ടും മണിക്കൂറുകളോളം ലാപ്ടോപിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ തർജ്ജുമ ചെയ്തിരുന്നതായി കണ്ടിട്ടുണ്ട്. അദ്ദേഹം അധികവും ഇങ്ങനെ പറഞ്ഞിരുന്നു, എന്റെ ആഗ്രഹം ഇത്ര മാത്രമാണ്, ഏതൊരു ജോലിയാണ് കാലത്തിന്റെ ഖലീഫ എന്നെ ഏല്പ്പിച്ചിരിക്കുന്നത്, അത് ഞാൻ അല്ലാഹുവിന്റെ സഹായത്തോടെ പൂർത്തിയാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖുലഫാക്കളുടെയും ജീവിതസംഭവങ്ങൾ, അദ്ദേഹം എത്രമാത്രം ആവേശത്തോടെയും താൽപര്യത്തോടെയും അങ്ങേയറ്റം മനോഹരമായ നിലയിലും വിവരിച്ചിരുന്നുവെന്നാൽ അത് കേൾവിക്കാരന്റെ ഹൃദയം കവർന്ന് എടുക്കുമായിരുന്നു. സംഭവങ്ങൾ വിവരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നനയുകയും ശബ്ദം ഇടറുകയും ചെയ്തിരുന്നു. എല്ലാവിധ പ്രയാസങ്ങളിലും അദ്ദേഹം എപ്പോഴും ക്ഷമയും ധൈര്യവും പ്രകടിപ്പിച്ചു. സ്ഥൈര്യത്തോടെ എല്ലാവിധ ഞെരുക്കങ്ങളും സഹിച്ചു. അസുഖം കാരണം ചായകപ്പ് ഉയർത്താൻ സാധിക്കുമായിരുന്നില്ല. അതു പോലെ കിടക്കയിൽ തിരിഞ്ഞ് കിടക്കുവാനും സാധിക്കുമായിരുന്നില്ല. എന്നിട്ട് കൂടി അദ്ദേഹം തന്റെ ജോലി എപ്പോഴും തുടർന്ന് പോന്നു. ത്യാഗോജ്ജ്വലമായി തന്റെ ഉത്തരവാദിത്തം പൂർത്തിയാക്കി. ഒരിക്കലും യാതൊരു പരാതിയ്ക്കും അവസരം ഉണ്ടാക്കിയില്ല, എന്നു മാത്രമല്ല അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരുന്നു.

മീർ ദാവൂദ് അഹ്മദ് സാഹിബിന്റെ മകൾ നുദ്റത്ത് (സാഹിബ) പറയുന്നു: എന്റെ മകളുടെ വിവാഹാവസരത്തിൽ ഞാൻ ഒരുക്കങ്ങൾ പരിശോധിക്കാനായി പന്തലിൽ ചെന്നപ്പോൾ, സഹോദരൻ അനസ്(സാഹിബ്) ആദ്യമേ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. കരയുകയായിരുന്നു. അദ്ദേഹം ഇത്രവേഗം എത്തിചേർന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. എന്നെ കണ്ടപ്പോൾ പറഞ്ഞു; ഇന്ന് എനിക്ക് നിന്റെ പിതാവിനെ കുറിച്ച് ഓർമകൾ വരുന്നു. -മീർ ദാവൂദ് അഹ്മദ് സാഹിബ് മർഹൂമിനെ- അതുകൊണ്ട് ഞാൻ ഇവിടെവന്ന് നിനക്ക് വേണ്ടി ദുആ ചെയ്യുകയായിരുന്നു.

അദ്ദേഹത്തിന്റെ സഹോദരിപുത്രൻ ആമിർ എഴുതുന്നു; സന്തോഷത്തിലും ദുഃഖത്തിലും സ്നേഹനിധിയായ ഒരു പിതാവിനെ പോലെ കണ്ടിരുന്നു. എല്ലാ വീടുകളിലും ഉയർച്ചയും താഴ്ച്ചയും ഉണ്ടാകും, എന്നാൽ അത് ഒരിക്കലും സംഭവിക്കാത്ത നിലയിൽ അദ്ദേഹം അതെല്ലാം ക്ഷമിച്ചിരുന്നു. ഇനി തന്റെ വല്ല ഉപദേശവും കാരണം ആർക്കെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിയെന്ന് മനസിലായാൽ സദുപദേശമായിരുന്നാൽ കൂടി സ്വയം മാപ്പ് ചോദിച്ചിരുന്നു.

മുനീറുദ്ദീൻ ശംസ് സാഹിബ് അഡീഷണൽ വക്കീലുതസ്നീഫ് പറയുന്നു: എപ്പോഴും അദ്ദേഹത്തിൽ അനുകമ്പയും വാത്സല്യവും കണ്ടു. എപ്പോഴും പറഞ്ഞിരുന്നത്, കൂടുതൽ ജോലികൾ നല്കുകയെന്നാണ്, കാരണം രോഗാവസ്ഥയിൽ കൂടുതൽ ജോലികൾ ചെയ്യുന്നതാണ് ഉത്തമം. ഖിലാഫത്തിനോട് പരിധികളില്ലാത്ത ആത്മാർത്ഥയുടെയും കൂറിന്റെയും ബന്ധമാണ് ഉണ്ടായിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ചില ഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ ചെയ്യുന്ന കാര്യത്തിൽ അവിസ്മരണീയമായ നിലയിൽ സേവനം അനുഷ്ഠിക്കാനുള്ള ഭാഗ്യംലഭിച്ചു. അദ്ദേഹം പണ്ഡിതനായിരുന്നു. വളരെ ആഴത്തിലുള്ള അറിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ജമാഅത്തിന് ഇപ്പോൾ അദ്ദേഹം നഷ്ടപ്പെട്ടിരിക്കുന്നു. അല്ലാഹു ഇനിയും പണ്ഡിതരെ ജനിപ്പിക്കട്ടെ. എല്ലാവരും എഴുതിയിരിക്കുന്നു, മുബല്ലിഗീങ്ങളെ വളരെയധികം ആദരിച്ചിരുന്നു. അതുപോലെ വിജ്ഞാനമേഖലയിൽ അവർക്ക് മാർഗനിർദ്ദേശങ്ങളും നൽകിയിരുന്നു.

ഹാഫിസ് മുസഫർ അഹ്മദ് സാഹിബ് പറയുന്നു: മിയാൻ സാഹിബ് വിവിധങ്ങളായ ഗുണഗണങ്ങൾക്ക് ഉടമയായിരുന്നു. ദൈവഭയം, ദൈവസ്നേഹം, ഖുർആനോടുള്ള സ്നേഹം, പ്രവാചകാനുരക്തി, വിനയം, കരുണ, വാത്സല്യം എന്നിവ അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങളായിരുന്നു. അല്ലാഹുവിനോടുള്ള കടമയോടൊപ്പം സൃഷ്ടികളോടുള്ള കടമകളും ശ്രദ്ധിച്ചിരുന്നു. അഗതികളുടെയും ദരിദ്രരുടെയും ആവശ്യങ്ങൾ നിവവേറ്റിയിരുന്നു. ഒരു ആവശ്യക്കാരനെയും വെറും കൈയോടെ തിരിച്ച് അയച്ചിരുന്നില്ല. വൈജ്ഞാനിക വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അറിവ് കരസ്ഥമാക്കുന്നതിൽ പ്രത്യേകതാൽപര്യമായിരുന്നു. അതിനായി കഠിനാധ്വാനവും പരിശ്രമവും നടത്തിയിരുന്നു. ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ 15,16 വയസ്സിൽ

വായിച്ചുതീർത്തു. ഹദീസ് ഗ്രന്ഥങ്ങളുടെ വളരെ ഉന്നതവും അമൂല്യശേഖരവും അദ്ദേഹം വലിയ വില നല്കി തന്റെ ലൈബ്രറിയിൽ സമാഹരിച്ചിട്ടുണ്ട്. അതിൽ വളരെ പ്രയോജനപ്രദമായ ഗ്രന്ഥങ്ങളുമുണ്ട്. ഈ നിലയ്ൽ അദ്ദേഹത്തിന്റെ ലൈബ്രറി സമാനതകളില്ലാത്തതും മാതൃകാപരവുമാകുന്നു. ഹദീസ്വിജ്ഞാനത്തോടുള്ള താൽപര്യം കാരണത്താൽ അതിന്റെ മറ്റ് വിഷയങ്ങളായ നിവേദകശാസ്ത്രഗ്രന്ഥങ്ങളും ഹദീസ് ശാസ്ത്രഗ്രന്ഥങ്ങളും അദ്ദേഹം ശേഖരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഹദീസിനോടുള്ള താൽപര്യത്തിന്റെ മനോഹരദൃശ്യം പരിശുദ്ധ റമദാനിൽ അദ്ദേഹം നടത്താറുള്ള ഹദീസിന്റെ ദർസുകളിൽ കാണാൻ സാധിക്കുന്നതാണ്. വലിയ തയ്യാറെടുപ്പും പരിശ്രമത്തോടുംകൂടിയാണ് അദ്ദേഹം ഈ ദർസ് നടത്തിയിരുന്നത്. അത് പൊതുവിൽ നബി(സ) തിരുമേനിയുടെ ജീവചരിത്രത്തിലെ പല വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയവ ആയിരുന്നു. അപൂർവ്വവും അമൂല്യവുമായ കാര്യങ്ങൾ ശേഖരിച്ചുകൊണ്ടാണ് അദ്ദേഹം ദർസ് നൽകിയിരുന്നത്.

ജൽസ സാലാന റബ്വയിൽ അദ്ദേഹത്തിന് പല വർഷങ്ങളിലും പ്രഭാഷണം നടത്താനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ലണ്ടനിലെ ഡോക്ടർ ഇഫ്തിഖാർ സാഹിബ് എഴുതുന്നു. അദ്ദേഹം യഥാർഥ അർഥത്തിൽ വാഖ്ഫെ സിന്ദഗിയായിരുന്നു. ഓഫീസിൽ വരുന്നതിൽ ഒരിക്കലും ഉപേക്ഷ കാണിച്ചിരുന്നില്ല. പ്രസിദ്ധീകരണപ്രവർത്തനങ്ങളിലും വിവർത്തനപ്രവർത്തനങ്ങളിലും അദ്ദേഹം അവസാനശ്വാസം വരെ നിമഗ്നനായിരുന്നു. വിവർത്തനം ആഴങ്ങളിലേക്ക് ഇറങ്ങിക്കൊണ്ട് നിർവഹിക്കാറുണ്ടായിരുന്നു. യോജിച്ച പദപ്രയോഗങ്ങൾ കണ്ടെത്താൻ ചിലപ്പോൾ ദിവസങ്ങൾ തന്നെ ചെലവഴിക്കുമായിരുന്നു. അനുസരണത്തിന്റെ നിലവാരം വളരെ ഉന്നതമായിരുന്നു. ഖാലിദ് സാഹിബ് റഷ്യൻ ഡെസ്ക് ലണ്ടൻ എഴുതുന്നു; മിയാൻ സാഹിബിന്റെ വ്യക്തിത്വം എന്റെ മനസിൽ വരുമ്പോൾ അദ്ദേഹത്തിന്റെ പ്രകൃതം നബി(സ) തിരുമേനിയുടെ പരിശുദ്ധ ഹദീസ് ഉത്‌ലുബുൽ ഇൽമ മിനൽ മഹ്ദി ഇലൽലഹദ് എന്നതിന്റെ വസ്തുനിഷ്ഠവും പ്രാവർത്തികവുമായ രൂപമാണ്. മിയാൻ സാഹിബിന് വിവിധ അറിവുകൾ കരസ്ഥമാക്കുന്നതിന് അളവറ്റ ആവേശമായിരുന്നു. പുതിയ കാര്യം അറിയുന്നതിനും പുതിയത് മനസിലാക്കുന്നതിനും ലഭിക്കുന്ന അവസരങ്ങൾ അദ്ദേഹം ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല. നബി(സ)തിരുമേനിയുടെ ഹദീസുകളും ഹദീസ് വിജ്ഞാനവും അദ്ദേഹത്തിന്റെ പ്രത്യേകവും പ്രിയപ്പെട്ടതുമായ വിഷയങ്ങളായിരുന്നു.

ശംശാദ് സാഹിബ് അമേരിക്ക എഴുതുന്നു: മുറബ്ബിമാരുമായി നടക്കുന്ന യോഗങ്ങളിൽ തബ്ലീഗിലുള്ള ആവേശം അവരുടെ ഉള്ളിൽ സൃഷ്ടിക്കുന്നതിന് വളരെയധികം ശ്രമിച്ചിരുന്നു. വായിക്കാൻ വളരെയധികം താൽപര്യം കാണിച്ചിരുന്നു. വായനയിലേയ്ക്ക് നിരന്തരം മുറബിമാരുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. സ്വയം തന്റെ ഓഫീസിൽ എപ്പോഴും പുസ്തകങ്ങളുടെ ഒരു കൂട്ടം തന്നെ സൂക്ഷിച്ചിരുന്നു. ബുഖാരിശരീഫ് അധികമായി വായിച്ചിരുന്നു. വന്നുപോകുന്ന മുറബ്ബിമാരോട് വൈജ്ഞാനിക സംഭാഷണം നടത്തുമായിരുന്നു.

ശാഹിദ് മഹ്മൂദ് സാഹിബ് മുബലിഗ് ഘാന എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടുള്ള സ്നേഹവും ഖിലാഫത്തിനോടുള്ള സ്നേഹവും അനുസരണവും അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേര് പരാമർശിക്കുമ്പോൾ അധികവും അദ്ദേഹത്തിന്റെ കണ്ണിൽ നിന്ന് കണ്ണീർ ഒഴുകുമായിരുന്നു.

ശൈഖ് നസീർ അഹ്മദ്(സാഹിബ്) റഷ്യൻ ഡെസ്ക് ഉദ്യോഗസ്ഥൻ എഴുതുന്നു: മിയാൻ സാഹിബിനോടൊപ്പം 16 വർഷക്കാലം വക്കാലത്തെ ഇശാഅത്തിൽ കഴിച്ച്കൂട്ടിയിട്ടുണ്ട്. അദ്ദേഹത്തിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചു. എപ്പോഴും ഒരു ആത്മസുഹൃത്ത് എന്ന നിലയിലാണ് ഞാൻ കണ്ടത്. ഞാൻ കീഴുദ്യോഗസ്ഥനാണെന്ന തോന്നൽ ഒരിക്കലും അദ്ദേഹം ഉണ്ടാക്കിയിരുന്നില്ല. എനിക്ക് മാതാപിതാക്കളില്ലായെന്ന് അനുഭവപ്പെട്ടാൽ, എന്നെ നീ ആ സ്ഥലത്ത് കണ്ട് കൊള്ളുക എന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു.

മുഹമദുദ്ദീൻ ഭട്ടി സാഹിബ് ഇശാഅത്ത് ഉദ്യോഗസ്ഥൻ പറയുന്നു: മിയാൻ സാഹിബ് മർഹൂം ഉദ്യോഗസ്ഥരോട് എപ്പോഴും ആദരവോട്കൂടി പെരുമാറിയിരുന്നു. ആവശ്യങ്ങൾക്കായി തന്റെ അടുത്തേയ്ക്ക് വിളിക്കുമ്പോഴൊക്കെ ആദ്യം കസേരയിൽ ഇരിക്കാൻ പറയുമായിരുന്നു. അതിനു ശേഷമാണ് സംഭാഷണം തുടങ്ങിയിരുന്നത്. ഏപ്പോഴെങ്കിലും ഏതെങ്കിലും ഉദ്യോഗസ്ഥരോട് നീരസം പ്രകടിപ്പിച്ചാൽ, അതിനുശേഷം പെട്ടെന്ന്തന്നെ ഉദാരതയോടെ പെരുമാറിയിരുന്നു. ഏതുവരെയെന്നാൽ ചില അവസരങ്ങളിൽ മാപ്പ് ചോദിക്കുക പോലുമുണ്ടായിട്ടുണ്ട്.

ഇഹ്സാനുല്ലാഹ് സാഹിബ് മുറബിയെ സിൽസില ഘാന പറയുന്നു: അദ്ദേഹത്തിന്റെ കീഴിൽ 9 വർഷകാലം വക്കാലത്തെ ഇശാഅത്തിൽ ജോലിചെയ്തു. ഖിലാഫത്തിനോടുള്ള അനുരക്തിയിലും ആദരവിലും നിറഞ്ഞ വ്യക്തിത്വമായിരുന്നു (അദ്ദേഹം). ഒരിക്കൽ വിനീതനോട് പറഞ്ഞു, ഹുസൂറിന് ഫാക്സ് എഴുതുകയാണ്. ഇത് ഇപ്പോൾതന്നെ എഴുതേണ്ടതാണ്. അങ്ങനെ ഫാക്സ് എഴുതാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് എന്ന വാക്കുകൾ എഴുതി കുറച്ച് നിമിഷം ആ വാക്കുകളിൽ നിമഗ്നയായിക്കൊണ്ട് അവയിലേക്ക് കണ്ണും നട്ട് ഇരുന്നു.

ആസിഫ് ഉവയിസ് സാഹിബ് മുറബിയെ സിൽസില വക്കാലത്തെ ഇശാഅത്ത് എഴുതുന്നു: വിനീതന്റെ നിയമനം കുറച്ച് മാസത്തേയ്ക്ക് ആദ്യം വക്കാലത്തെ ഇശാഅത്തിൽ ആയിരുന്നു. ആ കുറച്ച് മാസങ്ങൾ എന്റെ ജീവിതത്തിന്റെ അവിസ്മരണീയദിനങ്ങളായിരുന്നു. എല്ലാ അവസരങ്ങളിലും വാത്സല്യനിധിയായികൊണ്ട് മിയാൻ സാഹിബിന്റെ കരുതൽ ഉണ്ടാകുമായിരുന്നു. എന്റെയും അദ്ദേഹത്തിന്റെയും പ്രായത്തിൽ കുറഞ്ഞത് 55 വയസ്സിന്റെ വ്യത്യാസമുണ്ട്. എന്നാൽ അദ്ദേഹത്തോടൊപ്പം കഴിയുമ്പോൾ ആ വ്യത്യാസം പേരിന് മാത്രമായിതോന്നുമായിരുന്നു. മനോഹരമായി സംസാരിച്ചിരുന്നു. സദസ്സ് ഉല്ലാസഭരിതമാക്കുന്നതിനു പലപ്പോഴും തമാശ പറയാറുണ്ടായിരുന്നു. അദ്ദേഹം പരിഭാഷപ്പെടുത്തിയ മുസ്നദ് അഹ്മദ് ബിൻ ഹംബലാണ് എന്ന ഗ്രന്ഥം ആണ് എന്നെ

ഏല്പ്പിച്ചിരുന്നത്. ആ പ്രായത്തിലും ആരോഗ്യാവസ്ഥ അങ്ങേയറ്റം മോശമായിരുന്നിട്ടും അദ്ദേഹത്തിൽ ജോലി തുടരുവാനുള്ള ധൈര്യവും അപാരമായിരുന്നു. നിരാശയും ജോലി പൂർത്തിയാക്കാൻ സാധിക്കില്ല എന്ന ചിന്തയും അദ്ദേഹത്തെ അലട്ടിയിരുന്നില്ല.

ജാമിഅ അഹ്മദിയ്യാ വിദ്യാർത്ഥി മുഹമ്മദ് കാശിഫ് എഴുതുന്നു: വിനീതൻ പ്രബന്ധ രചനയുമായി ബന്ധപ്പെട്ട്, അത് അഹ്മദിയ്യാ ഖുലഫാക്കളുടെ പ്രൈവറ്റ് സെക്രട്ടറിമാരെക്കുറിച്ചായിരുന്നു, കഴിഞ്ഞ കുറച്ച്മാസങ്ങളിൽ പലതവണ അദ്ദേഹത്തിന്റെ സമക്ഷം ചെല്ലുമായിരുന്നു. അൽഹംദുലില്ലാഹ് അദ്ദേഹം വിനീതന് അങ്ങേയറ്റം സ്നേഹത്തോടെ ഒരുപാട് വിലപ്പെട്ട സമയം നല്കി. രോഗാവസ്ഥയിലും ദൈർഘ്യമേറിയ അഭിമുഖസംഭാഷണത്തിനു അവസരം നൽകി. ഒരിക്കൽ വലിയ വികാരഭരിതനായി പറയുകയുണ്ടായി, മനുഷ്യന്റെ പരിശ്രമവും അധ്വാനവും ഒന്നുംതന്നെയല്ല. എന്റെ ജീവിതത്തിന്റെ ചുരുക്കം ഇതാകുന്നു: എന്തെല്ലാമാണ് ലഭിച്ചത്, അതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും ഖിലാഫത്തിനോടുള്ള ബന്ധവും മുഖേനയാണ്.

റബ്വയിൽ നിന്ന് ആസിഫ് അഹ്മദ് സഫർ പറയുന്നു: വഫാത്തിന് കുറച്ച്കാലം മുമ്പ് അദ്ദേഹത്തെ താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിപ്പിച്ചിരുന്നു. അദ്ദേഹത്തെ സന്ദർശിക്കാനായി ഞാൻ ചെന്നു. ശക്തമായ പ്രയാസമുണ്ടായിരുന്നിട്ടും തന്റെ മാസ്ക്ക് മാറ്റി സംസാരിക്കാൻ തുടങ്ങി. അതിൽ ഞാൻ പറഞ്ഞു: മിയാൻ സാഹിബ് അല്ലാഹു അനുഗ്രഹിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അദ്ദേഹം പറഞ്ഞു; അല്ലാഹു വിളിക്കുകയെന്നതും ഒരു അനുഗ്രഹമാകുന്നു. പറയുന്നു: അദ്ദേഹത്തിന്റെ വാക്കുകൾകേട്ട് ഞാൻ അത്ഭുതപ്പെട്ട് പോയി. ആ അവസ്ഥയിലും അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നു. മരണത്തെ കുറിച്ച് യാതൊരു വ്യാകുലതയും ഉണ്ടായിരുന്നില്ല.

ഹുസൂർ അൻവർ പറയുന്നു: ഖിലാഫത്തുമായുള്ള ബന്ധത്തെക്കുറിച്ചും വിവിധ ആളുകൾ എഴുതിയിട്ടുണ്ട്. അതിൽ യാതൊരു അതിശയോക്തിയുമില്ല. മറിച്ച് അതിലുപരിയായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. തന്റെ എല്ലാ പ്രവൃത്തിയിലും തന്റെ എല്ലാ മാതൃകയിലും ആ ബന്ധം പ്രകടമായിരുന്നു. എന്നെ ഖലീഫത്തുൽ മസീഹ് റാബിഅ് അമീറെ മഖാമി, നാസിർ അആലയുമായി നിയമിച്ചപ്പോൾ ആ സമയത്തും ഖിലാഫത്തിനോടുള്ള അനുസരണം കാരണത്താൽ അദ്ദേഹം പരിപൂർണനിലയിൽ അമീറിനെ അനുസരിക്കുകയും ആദരിക്കുകയും ചെയ്തു. പ്രായത്തിൽ ചുരുങ്ങിയത് 13,14 വയസ്സ്കുറവായിരുന്നിട്ട്കൂടി ആ സമയത്തും അദ്ദേഹം പരിപൂർണമായി അനുസരിച്ചു. ഖലീഫ ആയതിനു ശേഷവും അങ്ങേയറ്റം ആത്മാർത്ഥയുടെ മാതൃക അദ്ദേഹം എപ്പോഴും കാണിച്ചിരുന്നു. (അതുപോലെ) പരിപൂർണ അനുസരണത്തിന്റെ മാതൃകയും അദ്ദേഹം കാണിച്ചു.

അല്ലാഹു അദ്ദേഹത്തോട് കാരുണ്യത്തോടും പാപപൊറുതിയോടുംകൂടി പെരുമാറട്ടെ. അല്ലാഹുവിന്റെ ഏതൊരു അനുഗ്രഹം കരസ്ഥമാക്കിയെന്നാണ് അദ്ദേഹം പ്രകടിപ്പിച്ചത്, അല്ലാഹു ആ ആഗ്രഹത്തെ പൂർത്തീകരിക്കുമാറാകട്ടെ. അവന്റെ പ്രിയപ്പെട്ടവരിൽ ഇടം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങളെയും ഖിലാഫത്തിനോട് ആത്മാർത്ഥ ബന്ധം വെച്ച് പുലർത്തുന്നവരാക്കട്ടെ. ബഹുമാനപ്പെട്ട മിർസാ ഗുലാം അഹ്മദ് സാഹിബ് വഫാത്തായപ്പോൾ അദ്ദേഹം കണ്ട ഒരു സ്വപ്നം വിവരിക്കുന്നു: അതായത് മിയാൻ സാഹിബിന്റെ വഫാത്ത് സംഭവിച്ചപ്പോൾ ഏതാണ്ട് അതേ സമയത്ത് തന്നെ ഖുർശിദ് അഹ്മദ് സാഹിബും മിയാൻ അഹ്മദ് സാഹിബും അല്ലാഹുവിന്റെ അടുക്കലേക്ക് പോയതായും അവർ നബി(സ) തിരുമേനിയുമായും ഹദ്റത്ത് മസീഹ് മൗഊദ്(അ)മായും കൂടികാഴ്ച നടത്തുന്നതായി ഞാൻ സ്വപ്നം കണ്ടു. ഇതുപോലെ കൂടിക്കാഴ്ച നടത്താൻ അല്ലാഹു എനിക്കും തൗഫീഖ് നൽകിയിരുന്നെങ്കിൽ എന്ന് ആ സമയത്ത് എന്റെ മനസിൽ ആഗ്രഹം ഉടലെടുത്തു. ഉടൻ ഞാൻ പറഞ്ഞു: അല്ലാഹുവേ! എന്നെയും നിന്റെ അടുക്കൽ വിളിച്ചാലും. അപ്പോൾ അല്ലാഹു പറഞ്ഞു; നീയും മുന്നോട്ട്വരിക. അങ്ങനെ അല്ലാഹു തന്റെ സമീപത്ത് ഇടം നല്കി.

അല്ലാഹു അദ്ദേഹത്തിന് പാപപൊറുതിയുടെയും കാരുണ്യത്തിന്റെയും സുവാർത്ത നല്കിയിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാക്കട്ടെ. അദ്ദേഹത്തിന്റെ അടുത്ത സന്താനങ്ങളും നന്മയുള്ളവരും സ്വാതികരുമായിരിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 21.12.18
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516